# ദയ അലങ്കാരമാണ്

കബീർ എം. പറളി

കാരുണ്യത്തിന്റെ മതമാണ് ഇസ്‌ലാം. അതിന്റെ നാഥൻ കാരുണ്യവാനും കരുണാമയനുമാണ്. ഖുർആനിന്റെ തുടക്കംതന്നെ ആ നാഥനെ പരിചയപ്പെടുത്തിക്കൊണ്ടാണ്. ‘‘കാരുണ്യവാനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമം കൊണ്ട്.’’ (ഫാതിഹ: 1).

ഇസ്‌ലാമിന്റെ അവസാനത്തെ പ്രവാചകൻ കാരുണ്യത്തിന്റെ നിറക്കുടമായിരുന്നു. അല്ലാഹു തിരുമേനിയെ പരിചയപ്പെടുത്തിയത് കാണുക:

‘‘ലോകർക്ക് കാരുണ്യമായി ക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല.’’ (അമ്പിയാഅ്: 107)

മുഹമ്മദ് നബി(സ്വ)ക്ക്, താൻ പ്രവാചകനായി നിയോഗിതനായ സമൂഹത്തോട് എത്രമാത്രം ഹൃദയബന്ധമുണ്ട് എന്നറിയാൻ താഴെ വരുന്ന ഖുർആനിക വചനം ശ്രദ്ധിച്ചാൽ മതി:

‘‘തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കാൻ കഴിയാത്തവനും, നിങ്ങളുടെ കാര്യത്തിൽ അതീവതാൽപര്യമുള്ളവനും, സത്യവിശ്വാസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം.’’ (തൗബ: 128)

നബിതിരുമേനി വളർത്തിയെടുത്ത സച്ചരിതരായ സ്വഹാബത്തിന്റെ രീതിയും പരസ്പരം ദയാമയമായിരുന്നുവെന്ന് ഖുർആൻ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അതു കാണുക:

‘‘മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹത്തോടൊപ്പമുള്ളവർ സത്യനിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു. അവർ അന്യോന്യം ദയാലുക്കളുമാകുന്നു.’’ (ഫതഹ്: 28)

ലോകത്ത് ആകമാനമുള്ള വിശ്വാസികൾക്കായി പ്രാചകതിരുമേനി(സ്വ) നൽകുന്ന ഉപദേശവും പരസ്പരം ദയയും കരുണയും പകർന്ന് നിലകൊള്ളണമെന്നാണ്.

ആയിശ(റ)യിൽ നിന്ന് നിവേദനം: ‘‘നിശ്ചയം, നബി(സ) അരുൾ ചെയ്തു. അല്ലാഹു ദയയുള്ളവനും ദയ ഇഷ്ടപ്പെടുന്നവനുമത്രെ.’’ (മുസ്‌ലിം)

ജരീർ(റ)വിൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. ‘‘വല്ലവനും കാരുണ്യം സ്വയം തടഞ്ഞാൽ സർവ്വനന്മകളും അവനും തടയപ്പെടുന്നതാണ്.’’ (മുസ്‌ലിം)

പകയും സ്വാർഥതയും സ്വജനപക്ഷപാതിത്വവും മുമ്പത്തേക്കാൾ അരങ്ങു തകർക്കുന്ന ആധുനക ലോകത്ത് മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കാൻ പോന്ന നിർദ്ദേശങ്ങളാണ് നാം മുകളിൽ വായിച്ചത്. പ്രവാചകൻ വളർത്തിയെടുത്ത സ്വഹാബികളിലും അവരെ തുടർന്നു വന്ന സച്ചരിതരായ രണ്ട് തലമുറകളിലും അവിടുത്തെ ഓരോ ഉപദേശവും തിളങ്ങി നിന്നതായി കാണാനാകും.

വ്യക്തികൾക്കിടയിൽ നന്മ കളിയാടണമെന്നതാണ് ഇസ്‌ലാമിന്റെ താത്പര്യം. അതിന് വിഘാതം നിൽക്കുന്ന സകല മ്ലേച്ഛസ്വഭാവങ്ങളേയും, നിലപാടുകളേയും അല്ലാഹു വിമർശിച്ചിട്ടുണ്ട്. സമ്പത്തിനോടുള്ള അങ്കുശമില്ലാത്ത ദുരയാണ് മനുഷ്യനെ നേരും നീതിയും നോക്കി ജീവിക്കുന്നതിൽനിന്ന് തടഞ്ഞുനിർത്തുന്നത്. ചതിക്കാനും കൃത്രിമങ്ങളിലേർപ്പെടാനും മടിയില്ലാത്ത ആൾക്കൂട്ടത്തിന്റെ മനസ്സിൽ സ്നേഹവും കരുണയും സമസൃഷ്ടി ബോധവും ശൂന്യമായിരിക്കും. അത്തരക്കാർ അല്ലാഹുവിന്റെ കാരുണ്യത്തിന് വിധേയരല്ല. ‘ജനങ്ങൾക്ക് കരുണചെയ്യാത്തവർക്ക് അല്ലാഹു

കരുണചെയ്യുകയില്ല' (മുസ്‌ലിം) എന്ന് പ്രവാചകൻ(സ്വ) പറഞ്ഞു തന്നിട്ടുണ്ട്. ഒരു ഹദീസ് ശ്രദ്ധിക്കുക:

''നബി(സ്വ) പറഞ്ഞു: കാരുണ്യവാൻമാർക്ക് അല്ലാഹു കരുണചെയ്യുന്നതാണ്. ആകയാൽ, നിങ്ങൾ ഭൂവാസികളോട് കരുണകാട്ടുക, ആകാശത്തുള്ളവൻ നിങ്ങളോടും കരുണകാട്ടുന്നതാണ്.'' (അബൂദാവൂദ്, തിർമിദി)

മനുഷ്യരിൽ ചിലരുടെയെങ്കിലും മനസ്ഥിതി പക്ഷെ, വിപരീതദിശയിലാണ്. 'നീ ചെന്നായയാവുക അല്ലെങ്കിൽ ചെന്നായ്ക്കൾ നിന്നെ ഭക്ഷിച്ചേക്കും' എന്നതാണ് അവരുടെ ജീവിത ഫിലോസഫി. ഉറവയില്ലാത്ത കല്ലും ദയനിറയാത്ത ഖൽബും വിളശൂന്യമാണ്. ഒരു കൈനീട്ടിയാൽ മാത്രം മതി, ഒരഗതിക്ക്, ഒരു വിധവക്ക്, ഒരയൽവാസിക്ക് അതൊരു വലിയ സഹായമായി ഭവിച്ചേക്കും. പക്ഷെ, കയ്യിൽവന്നത് നഷ്ടപ്പെടാതിരിക്കാൻ അധികപേരും സ്വന്തം കയ്യുകൾ മാറോട് ചേർത്ത് പിടിച്ചിരിക്കുകയാണ്. സഹായവും, സഹകരണവും, സഹാനുഭൂതിയും ഹൃദയത്തിൽ നിന്ന് ചോർന്നു പോയാൽ, മനുഷ്യവൃത്തിത്തിൽ നിന്നല്ല, മൃഗഗണത്തിൽ നിന്നു തന്നെ മനുഷ്യൻ നിഷ്കാസിതനാകും.

അളത്തത്തിലും തൂക്കത്തിലും കൃത്രിമം കാണിച്ച് സഹജീവികളുടെ ധനം കവരുന്ന ചില കച്ചവടക്കാരുണ്ട്. കറുത്ത ഹൃദയമാണവർക്ക്. അവരെ നോക്കി അല്ലാഹു പറഞ്ഞു:

''അളവിൽ കുറക്കുന്നവർക്ക് മഹാനാശം. അതായത് ജനങ്ങളോട് അളന്നുവാങ്ങുകയാണെങ്കിൽ തികച്ചെടുക്കുകയും. ജനങ്ങൾക്ക് അളന്നുകൊടുക്കുകയോ തൂക്കികൊടുക്കുകയോ ആണെങ്കിൽ നഷ്ടം വരുത്തുകയും ചെയ്യുന്നവർക്ക്.'' (മുതഫിഫീൻ: 1-3)

ആത്യന്തികമായ മഹാനാശം പരലോകത്താണ്. എങ്കിലും, അന്യരിൽനിന്ന് നിഷ്കരുണം അടിച്ചെടുക്കുന്ന ധനം ഈ ലോകത്തുപോലും ഉപകരിക്കാതെ മഹാനാശത്തിലകപ്പെട്ട് പാപ്പരായവർ നമ്മുടെ ചുറ്റുഭാഗത്തുമുണ്ട്. അതു കാണുന്ന മനുഷ്യൻ എന്നാലും പാഠങ്ങളുൾക്കൊള്ളാറില്ല.

താനല്ലാത്തവർ മുഴുവൻ ദരിദ്രരായിരുന്നെങ്കിൽ എന്നാഗ്രഹിക്കുന്ന ചിലരുണ്ട്. അവരാണ് പലിശക്കച്ചവടക്കാർ. അത്യാഗ്രഹപ്പശിയടക്കാൻ സഹജീവിയുടെ നിസ്സഹായതയെ നിർദ്ദയം ഉപയോഗപ്പെടുത്തുന്നവരാണ് അവർ. ''പലിശയെ അല്ലാഹു നശിപ്പിക്കും, ദാനധർമ്മങ്ങളെയാണ് അവൻ പരിപോഷിപ്പിക്കുക'' എന്ന (അൽബഖറ) ഖുർആനിക വചനം കണിശമായി ശ്രദ്ധിക്കേണ്ട മുസ്‌ലിംകളിൽ പോലും പലിശഭുജിച്ച് ജീവിക്കുന്നവരുണ്ട് എന്നത് ദുഃഖകരമായ വസ്തുതയാണ്.

പരലോകനന്മയെ ലക്ഷ്യമിട്ട് ജീവിക്കുന്നവരെന്ന നിലക്ക് വിശ്വാസികൾ കൂടുതൽ വിനയാന്വിതരും കരുണാർദ്രചിത്തരുമായിരിക്കണം. കാരുണ്യമൂർത്തിയായ റബ്ബിന്റെ ദാസൻമാരാണ് നാം; കാരുണ്യത്തിന്റെ നിറക്കുടമായിരുന്ന പ്രവാചകന്റെ അനുയായികളും. അസൂയയും, പകയും, അത്യാർത്തിയും നമുക്കു ചേർന്നതല്ല. അസൂയ ഹൃദയശുദ്ധിയെ മലിനമാക്കും. അത്യാർത്തി പരോപകാര മനസ്ഥിതിയെ കെടുത്തും.

അലിവുള്ള, ദയയുള്ള, മയമുള്ള മനസ്സാകണം വിശ്വാസിയുടേത്. ഇസ്‌ലാം അത്തരം മനസ്സുള്ളവരെ ലോകത്തിനെത്രയോ സമ്മാനിച്ചിട്ടുണ്ട്. ഇസ്‌ലാമേകിയ ആ സമ്മാനങ്ങളിൽ ഒന്നാണോ ഈ നമ്മളും എന്നത് നമ്മുടെ ജീവിതം നോക്കി തീരുമാനിക്കേണ്ടതാണ്. ഒരു ഹദീസ് കാണുക:

ആയിശ(റ)യിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു. ''ഏതൊരുകാര്യത്തിലും ദയ അലങ്കാരമാണ്. അത് നീക്കം ചെയ്യപ്പെട്ടാൽ എന്തും വികൃതമാണ്.'' (മുസ്‌ലിം)

●